# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ആഗസ്റ്റ് 5–ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ –15)


837)സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി.എഡ്. കോഴ്സ്
838)14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി നിർബന്ധിത വിദ്യാഭ്യാസം നൽകാൻ പദ്ധതി
839)നദികളിലെ മണ്ണുവാരലിനെപ്പറ്റി 'സെസ്സിന്റെ' പഠനം
840)ചെലവു കുറഞ്ഞ പാലങ്ങൾ
841)കോളേജ് യൂണിയൻ തെരഞ്ഞെടുപ്പു രീതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം
842)ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേക വില്ലേജുകളാക്കുന്നതിന് നടപടി
843)റോഡുകളിലെ തടസ്സം നീക്കുന്നതിന് സ്ഥിരം സംവിധാനം
844)നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ
845)വ്യാജപട്ടയങ്ങൾ കത്തിക്കുന്നതിനും അവ റദ്ദാക്കുന്നതിനും നടപടി
846)അഡ്വക്കേറ്റ്സ് പ്രോവിഡന്റ് ഫണ്ട് രൂപീകരണം
847)എയിഡഡ് – സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക – അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം
848)അൺ എയിഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരണം
849)കോമേഴ്സ് ബി.എഡ്.കോഴ്സുകൾ
850)വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ നടപടി
851)വിദ്യാഭ്യാസ സൗകര്യം വളരെ കുറഞ്ഞ പ്രദേശങ്ങളിൽ എൽ. പി. സ്കൂൾ


### സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി.എഡ്. കോഴ്സ്

*837. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ കോഴ്സ് നടത്തുന്നതു സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ കോടതിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സർവ്വകലാശാലാ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി(വിദ്യാഭ്യാസ വകുപ്പുമന്ത്രി):**

(എ)(ബി)&(സി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചും, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയും മാത്രമേ സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ബി.എഡ് സെന്ററുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ അദ്ധ്യയനം തുടങ്ങാവൂ എന്ന് ബഹു:ഹൈക്കോടതി വിധി ആയിട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല. അതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) ഉണ്ട്.

(ഇ) വിവിധ സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ബി.എഡ്. സെന്ററുകളിലെ അടിസ്ഥാനസൗകര്യങ്ങളിലുള്ള കുറവുകൾ പരിഹരിക്കുന്നതിന് സർവ്വകലാശാലാ തലത്തിൽ നടപടിയെടുത്തു വരുന്നുണ്ട്. സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ഇത്തരം സെന്ററുകളുടെ പ്രവർത്തനത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല.

### 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി നിർബന്ധിത വിദ്യാഭ്യാസം നൽകാൻ പദ്ധതി

*838. ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി.കെ. നാണു :
ശ്രീ. കെ.പി. മോഹനൻ :

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി നിർബന്ധിത വിദ്യാഭ്യാസം നൽകുമെന്ന ഭരണഘടനാപരമായുള്ള ചുമതല നിറവേറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) വിദ്യാഭ്യാസ വകുപ്പിന് ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ എത്ര ശതമാനം തുക വകയിരുത്തിയിട്ടുണ്ട് ; അതിൽ എത്ര ശതമാനം 14 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് വകയിരുത്തി എന്ന് വ്യക്തമാക്കാമോ ;

(സി) 14 വയസ്സുവരെയുള്ള കുട്ടികളിൽ ഏതെല്ലാം മേഖലയിലുള്ള വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസം ലഭിക്കാത്തത് എന്ന് വല്ല പഠനവും നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ)

1. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യവിദ്യാഭ്യാസമാണ് നൽകിവരുന്നത്. ഇക്കാര്യം വിദ്യാഭ്യാസ നിയമത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.
2. ഒന്നാം ക്ലാസ്സിൽ ചേരുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകങ്ങളും, സ്ലേറ്റും, സ്ലേറ്റു പെൻസിലുകളും നൽകിവരുന്നു.
3. ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ ഒരു കുട്ടിക്ക് പ്രവേശനം നിഷേധിക്കരുതെന്ന് കെ.ഇ.ആർ-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
4. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന മുസ്ലീം വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.
5. ഉച്ചഭക്ഷണം ആവശ്യമായ എല്ലാ കുട്ടികൾക്കും അപ്പർ പ്രൈമറി തലംവരെ സൗജന്യമായി ഉച്ചഭക്ഷണം നൽകുന്നതിനുള്ള സ്കീം വളരെ കാലമായി ഗവൺമെന്റ് നടപ്പിലാക്കി വരുന്നു.
6. എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ ബദൽ സ്കൂളുകൾ വഴി 5 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് ബദൽ വിദ്യാഭ്യാസം നൽകിവരുന്നു.

(ബി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 2,17,07.92 കോടി രൂപയിൽ പ്രൈമറി വിദ്യാഭ്യാസത്തിനും സെക്കണ്ടറി വിദ്യാഭ്യാസത്തിനും കൂടി 2212.77 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന ബഡ്ജറ്റിന്റെ 10.19% ആണ്.

(സി) വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ പഠനമൊന്നും നടത്തിയിട്ടില്ല.

എന്നാൽ ഡി.പി.ഇ.പി.ജില്ലകളിൽ വളരെ മുമ്പുതന്നെ വീട് വീടാന്തരം കയറി സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളുടെ കണക്കെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ടി. ജില്ലകളിൽ ബദൽ വിദ്യാലയങ്ങൾ സ്ഥാപിച്ചത്. എസ്.എസ്.എ. പദ്ധതിയിലും ഇത്തരം സർവ്വേ നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബദൽ വിദ്യാലയങ്ങൾ തുടങ്ങാൻ നടപടി ആയിട്ടുണ്ട്.

(ഡി) എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി റെയിൽവേ പ്ലാറ്റ്ഫോമിൽ പണിയെടുക്കുന്ന കുട്ടിത്തൊഴിലാളികൾ, തെരുവ്കുട്ടികൾ, വഴിയോരങ്ങളിൽ പണിയെടുക്കുന്ന കുട്ടികൾ ഇത്തരക്കാർക്കായി റസിഡൻഷ്യൽ ക്യാമ്പുകളോ, ബ്രിഡ്ജ് കോഴ്സുകളോ നടത്തും. നഗരങ്ങളിലെ അനാഥരായ കുട്ടികൾക്കായി ഹാഫ് വേ ഫോമുകൾ, ഷോർട്ട് സ്റ്റേ ഹോളുകൾ, താൽക്കാലിക വാസസ്ഥലങ്ങൾ എന്നിവ സംഘടിപ്പിച്ച് അവരെ പഠിപ്പിച്ച് ഔപചാരിക പരീക്ഷകൾ എഴുതിപ്പിച്ച് പൊതുധാരയിൽ കൊണ്ടുവരും. അതുപോലെ പാറമട, ഓട്ടുകമ്പനികൾ, നഗര ചന്തകൾ എന്നിവിടങ്ങളിൽ പണിയെടുക്കുന്ന കുട്ടിത്തൊഴിലാളികൾക്കായി പ്രത്യേകം ബദൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതാണ്.

**<u>നദികളിലെ മണ്ണുവാരലിനെപ്പറ്റി 'സെസ്സിന്റെ' പഠനം</u>**

*839. ശ്രീ. ടി.വി. ചന്ദ്രമോഹൻ :
ശ്രീ. എം.എ. ചന്ദ്രമോഹൻ :
ശ്രീ.: എൻ. ശക്തൻ :
ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ മണ്ണുവാരലിനെപ്പറ്റി ഹൈക്കോടതി നിർദ്ദേശപ്രകാരം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്തെങ്കിലും പഠനം നടത്തിയിരുന്നുവോ ;

(ബി) എങ്കിൽ ഏതെല്ലാം നദികളിലെ മണ്ണുവാരലിനെപ്പറ്റിയാണ് പഠനം നടത്തിയത് ;

(സി) ഈ പഠനത്തിൽ എന്തെല്ലാം വസ്തുതകൾ കണ്ടെത്തി ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശം ലഭ്യമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) പഠനം നടത്തിയിട്ടുണ്ട്.

(ബി) പെരിയാർ നദി, മൂവാറ്റുപുഴ നദീതടത്തിൽപ്പെടുന്ന ആയവന ഗ്രാമപഞ്ചായത്തിലെ ചില ഭാഗങ്ങൾ, പൂവാർ, കുളത്തൂർ പഞ്ചായത്തതിർത്തികളിലൂടെ ഒഴുകുന്ന നെയ്യാർ നദിയുടെ ഭാഗങ്ങൾ എന്നിവിടങ്ങളിലാണ് പഠനങ്ങൾ നടത്തിയത്. കൂടാതെ പത്തനംതിട്ട ജില്ലയിലെ മണിമല, പമ്പ, അച്ചൻകോവിൽ, കല്ലട എന്നീ നദികളിലെ മണൽവാരലിനെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മാഹി, കുറ്റ്യാടി, കോരപ്പുഴ, കല്ലായി, ചാലിയാർ എന്നീ നദികളിലെ പഠനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പഠനത്തിൽ കണ്ടെത്തിയ വസ്തുതകൾ താഴെ കൊടുക്കുന്നു.

1. നദികളിലെ മണലിന് പകരം ചെലവ് കുറഞ്ഞതും എളുപ്പം ലഭ്യമാകുന്നതും യോജിച്ചതുമായ ഒരു വസ്തു കണ്ടെത്തുക
2. കുറച്ചു മണൽ അല്ലെങ്കിൽ മണൽ വേണ്ടരീതിയിൽ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുക.
3. മണൽവാരലിൽ നിന്നും ലഭിക്കുന്ന റവന്യൂ വരുമാനം നദികളുടെ പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി മാത്രം ഉപയോഗിക്കുക.
4. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം കർശനമായി നടപ്പാക്കുക.
5. ഓരോ കടവിൽ നിന്നും വാരുന്ന മണലിന്റെ അളവ് , അതിന്റെ ഉപയോഗം, ആർക്കാണ് വിൽക്കുന്നത് എന്നീ കാര്യങ്ങൾ പഞ്ചായത്ത് അധികാരികൾ രേഖപ്പെടുത്തുകയും ആ വിവരം വിദഗ്ദ്ധ സമിതിക്ക് നൽകേണ്ടതും സമിതി സമയാസമയങ്ങളിൽ അത് വിലയിരുത്തുകയും ചെയ്യേണ്ടതാണ്.
6. മണൽവാരൽ നിയന്ത്രണ നിയമത്തിലെ നിബന്ധനകൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് എല്ലാ കടവുകളിലേയും കടവു കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.
7. ഉചിതമായ നിയമനിർമ്മാണത്തിലൂടെ കെട്ടിടനിർമ്മാണം നിയന്ത്രിച്ചാൽ ആറ്റുമണലിന്റെ ഉപയോഗം കുറയ്ക്കാവുന്നതാണ്.
8. പുഴയിലെ മണലിന്റെ അടിസ്ഥാനഗുണത്തെ പറ്റി വ്യത്യസ്ഥ തലങ്ങളിൽ കാലാകാലങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.
9. മണൽ വാരൽ കേന്ദ്രങ്ങളിൽ പുതിയ തൊഴിലാളികൾ വരുന്നതിനെ കർശനമായി നിയന്ത്രിക്കേണ്ടതാണ്.
10. മൂന്നുവർഷത്തിലൊരിക്കൽ അധികാരപ്പെട്ടവർ മണലിന്റെ ആഡിറ്റ് നടത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി വിഭവ വിതരണ പദ്ധതി തയ്യാറാക്കി നദീതീരത്തിലുള്ള മൊത്തത്തിലുള്ള പരിസ്ഥിതിയുടെ ഗുണം വീണ്ടെടുക്കണം.

(ഡി) പുഴ, മണൽ നിക്ഷേപം, മണലിന്റെ വർഷാവർഷത്തിലുള്ള ലഭ്യത, പുഴയുടെ അടിത്തട്ടുതാഴൽ പരിസ്ഥിതി പ്രശ്നങ്ങൾ, മറ്റ് സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ട് വാരാവുന്ന മണലിന്റെ അളവിനേയും കടവുകളെയും കുറിച്ചുള്ള റിപ്പോർട്ട് പുഴയൊഴുകുന്ന പ്രദേശങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം തയ്യാറാക്കുകയും ജില്ലാ വിദഗ്ദ്ധ സമിതികൾക്ക് മേൽ നടപടികൾക്കായി അയച്ചുകൊടുക്കുകയും ചെയ്തുവരുന്നു. സെസ്സിന്റെ പഠനങ്ങളുടേയും മറ്റു പഠനങ്ങളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനസർക്കാർ കൊണ്ടുവന്ന മണൽവാരൽ നിയന്ത്രണ നിയമം പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനാവശ്യമായ ശാസ്ത്രോപദേശങ്ങൾ ജില്ലാ വിദഗ്ദ്ധ സമിതികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും നൽകുകയും ചെയ്തുപോരുന്നു..

## <u>ചെലവു കുറഞ്ഞ പാലങ്ങൾ</u>

*840. ശ്രീ. കെ.കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറിയ നദികൾക്കും തോടുകൾക്കും ചെറുദ്വീപുകളെ കരയുമായി ബന്ധിപ്പിക്കുന്നതിനും ചെലവ് കുറഞ്ഞ ടെക്നോളജി ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വിശദമാക്കാമോ ;

(സി) ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച ഇരുമ്പ് ഫ്രെയിം പാലങ്ങൾ ഇപ്പോഴും കേടുകൂടാതെ നിലനിൽക്കുന്നുവെന്നത് പരിഗണിച്ചും അവയുടെ ചെലവു കുറവ് പരിഗണിച്ചും ഈ ടെക്നോളജി ഉപയോഗിക്കുന്നത് സംബന്ധിച്ച് സർക്കാർ സാദ്ധ്യതാപഠനം നടത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ ?

**ഉത്തരം**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) (ബി)&(സി) റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് (ആർ.സി.സി) ഉപയാഗിച്ച് പാലം പണിയുന്നതാണ് കൂടുതൽ ലാഭകരവും അനുയോജ്യവുമെന്നതിനാൽ ഈ രീതിയാണ് പാലം നിർമ്മാണത്തിന് ഇപ്പോൾ അവലംബിച്ചുവരുന്നത്. ഇരുമ്പ് ഉപയോഗിച്ച് നിർമ്മിക്കുന്ന പാലങ്ങൾക്ക് നിർമ്മാണച്ചെലവും മെയിന്റനൻസ് ചെലവും കൂടുതലായതിനാൽ ഈ രീതി ലാഭകരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ചെലവു കുറഞ്ഞ മറ്റ് സാങ്കേതികവിദ്യ പാലം നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പു രീതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം

*841. ശ്രീ. മത്തായി ചാക്കോ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) മാറ്റങ്ങൾ വരുത്തുന്നതിനു മുമ്പ് ഏതെങ്കിലും വിദ്യാർത്ഥി സംഘടനകളുമായി കൂടിയാലോചിച്ചിരുന്നുവോ ;

(ഡി) യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) നിലവിലുള്ള രാഷ്ട്രീയടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി തെരഞ്ഞെടുപ്പു രീതി നിയന്ത്രിക്കാനും പാർലമെന്റ് മാതൃകയിൽ കോളേജ് തെരഞ്ഞെടുപ്പ് പരിഷ്ക്കരിക്കാനും ഉദ്ദേശിക്കുന്നു.

,(സി) ഇല്ല.

(ഡി) നിലവിലുള്ള തെരഞ്ഞെടുപ്പു രീതിയാണ് കലാലയത്തിനുള്ളിലെ സംഘർഷത്തിനുള്ള ഒരു പ്രധാന കാരണമെന്നു കരുതുന്നു. രാഷ്ട്രീയടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി തെരഞ്ഞെടുപ്പു രീതി നിയന്ത്രിക്കുന്നതിലൂടെ കർശനമായ അച്ചടക്കം കാമ്പസ്സിനുള്ളിൽ നിലനിർത്താൻ കഴിയുമെന്നതിനാലാണ് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഈ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത്.

## ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേക വില്ലേജുകളാക്കുന്നതിന് നടപടി

842. ശ്രീ. സാജു പോൾ

ശ്രീ.പിരപ്പൻകോട് മുരളി

ശ്രീ. കെ.കെ. ജയചന്ദ്രൻ

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പു മന്ത്രി മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകളാണ് നിലവിലുള്ളത്; അവ ഏവ;

(ബി) ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേകം വില്ലേജുകൾ ആക്കുന്നതിന് സർക്കാർ നയപരമായി തിരുമാനിച്ചിട്ടുണടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം എന്നു മുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രത്യേക വില്ലേജുകൾ ആകാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിലപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേക വില്ലേജുകളാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി)**

(എ) 134 ഗ്രൂപ്പ് വില്ലേജുകൾ

(ബി) ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേകം വില്ലേജുകൾ ആക്കാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ വിഭജിക്കുന്നതിന് പുതിയ കെട്ടിടങ്ങളും സ്റ്റാഫും ആവശ്യമാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഘട്ടം ഘട്ടമായി ഇതു നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## റോഡുകളിലെ തടസ്സം നീക്കുന്നതിന് സ്ഥിരം സംവിധാനം

843. ശ്രീ.കെ. നാരായണക്കുറുപ്പ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) കേരളത്തിലെ പി.ഡബ്ള്യു.ഡി. റോഡുകളിൽ കല്ല് മണൽ, തടി മുതലായവ സ്തിരമായി കൂട്ടിയിട്ടും വാഹനങ്ങൾ റിപ്പയർ ചെയ്തും മാർഗ്ഗതടസ്സം സൃഷ്ടിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്നത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം മാർഗ്ഗ തടസ്സങ്ങള ഒഴിവാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ & ബി) കല്ല്,,മണൽ തടി, വാഹനങ്ങൾ ഇവ റോഡുകളുടെ വശങ്ങളിൽ ഇടുന്നതു കാരണംഗതാഗത തടസ്സവും ചിലപ്പോൾ റോഡപകടങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നടപടികൾ എടുത്തുവരികയാണ്. ഗതാഗതത്തിന് തടസ്സമുണ്ടാകുന്ന വിധത്തിൽ റോഡ് സൈഡിൽ നിർമ്മാണ വസ്തുക്കൾ കിടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അസിസ്റ്റന്റ് എൻജീയർമാർ/ഫീൽഡ് ആഫീസർമാർ ഉടമകളെ നേരിട്ട് സമീപിച്ചും നോട്ടീസ് നൽകിയും റോഡിന് തടസ്സമുണ്ടാക്കുന്ന വിധത്തിൽ കിടക്കുന്ന സാമഗ്രികൾ മാറ്റാറുണ്ട്.

(ഡി) നിലവിലുള്ള സംവിധാനം തൃപ്തികരമാണ്.

## നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ

844. ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
ഡോ. തോമസ് ഐസക്
ശ്രീ. വി.കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി.ഒ.ടി), ബിൽഡ് ഓപ്പറേറ്റ് ആനറ് ഓൺ (ബി.ഒ.ഒ), ബിൽഡ് ഓപ്പറേറ്റ്, ലീസ് ആന്റ് ട്രാൻസ്ഫർ തുടങ്ങിയ കരാറുകൾ ഉണ്ടാക്കുന്നതിന് ആവശ്യമായ നിയമങ്ങളോ ചട്ടങ്ങളോ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോപ്പിലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ഡി) നിയമത്തിന്റെ അഭാവത്തിൽ ഇത്തരം കരാറുകളിൽ സർക്കാർ ഏർപ്പെടുന്നതിൽ നിയമസാധുതയുണ്ടോ ?

**ഉത്തരം**
**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ,ബി,സി &ഡി) : സ്വകാര്യ പങ്കാളിത്തത്തോടെ ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി.ഒ.ടി.) തുടങ്ങിയ വ്യവസ്ഥകളിൻമേൽ റോഡു സംബന്ധമായ പ്രോജക്ടുകൾക്ക് വേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനായി രൂപീകൃതമായിട്ടുള്ളതാണ് 2001 ലെ കേര റോഡ് ഫണ്ട് ആക്ട്. ഈ നിയമമനുസരിച്ചുള്ള ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.

## വ്യാജപട്ടയങ്ങൾ കണ്ടെത്തുന്നതിനും അവ റദ്ദാക്കുന്നതിനും നടപടി

845. ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പമന്ത്രി മറുപടി നൽകുമോ;

(എ) സംസ്ഥാനത്തൊട്ടാകെ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി ഒരു സ്വതന്ത്ര അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;
(ബി) സംസ്ഥാത്തൊട്ടാകെ ഇത്തരത്തിൽ കൈയേറിയ ഭൂമിയ്ക്ക് വ്യാജപട്ടയങ്ങൾ സമ്പാദിച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(സി) വ്യാജപട്ടയങ്ങൾ കണ്ടെത്തുന്നതിനും അവ റദ്ദാക്കുന്നതിനും അധികാരമുളള ഒരു സ്വതന്ത്ര ജുഡീഷ്യൽ അതോറിറ്റിയ്ക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി(റവന്യുവും നിയമവും വകുപ്പുമന്ത്രി)**

(എ) പരിഗണനയിലില്ല.
(ബി) പാലക്കാട്, ഫടുക്കി പില്ലകളിൽ ഭൂമി കൈയേറി വ്യജ പട്ടയങ്ങൾ സമ്പാദിച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(സി) തല്ക്കാലം പരിഗണനയിലില്ല.

## <u>അഡ്വക്കേറ്റ്സ് പ്രോവിഡന്റ് ഫണ്ട് രൂപീകരണം</u>

846. ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പമന്ത്രി മറുപടി നൽകുമോ;

എംപ്ളോയിസ് പ്രോവിഡന്റ് ഫണ്ട് മാതൃകയിൽ സംസ്ഥാനത്തെ വക്കീലൻമാർക്കായി ഒരു അഡ്വക്കേറ്റ് പ്രോവിഡന്റ് ഫണ്ട് രൂപീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി(റവന്യുവും നിയമവും വകുപ്പുമന്ത്രി)**

ഇതു സംബന്ധിച്ച് ഇപ്പോൾ ഒരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## <u>എയിഡഡ് - സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം</u>

847. ശ്രീ. ടി.കെ.ദേവകുമാർ :
ഡോ.തോമസ് ഐസക് :
ശ്രീ.എം.വി.ജയരാജൻ :
ശ്രീ. എ.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:
(എ) എയിഡഡ് - സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാനുളള അധികാരം സർവകലാശാലകളിൽ നിന്ന് മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;
(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സർക്കാരിന്റെ അനുമതി തേടണം എന്ന വ്യവസ്ഥ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;
(ഡി) അദ്ധ്യാപക - അനദ്ധ്യാപകരുടെ മേൽ നടപടിയെടുക്കാൻ സർക്കാർ നിർദ്ദേശിച്ചാൽ അത് അനുസരിക്കുന്നതിന് മാനേജ്മെന്റിന് ഇപ്പോൾ ബാധ്യതയുണ്ടോ; ഇല്ലെങ്കിൽ അത്തരം വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?

<u>**ഉത്തരം**</u>

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി )** :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഇല്ല. നിർദ്ദിഷ്ട നിയമത്തിൽ ഇതിന് വ്യവസ്ഥ ഏർപ്പെടുത്തുന്നതാമ്.

## അൺ എയിഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരണം

848 ശ്രീ. വി.ചെന്താമരാക്ഷൻ :
ശ്രീ. സാജു പോൾ :
ശ്രീ.മഞ്ഞളാംകുഴി അലി :
ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ സിലബസ് ഏകീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) സിലബസ് ഏകീകരണത്തിൻരെ ഭാഗമായി പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുന്നതിനുള്ള ചുമതല സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി )** :

(എ) കേരള സിലബസ് പ്രകാരം പഠനം നടക്കുന്ന അൺ എയിഡഡ് സ്കൂളുകളിൽ ഇപ്പോൾ ഏകീകൃത സിലബസ്സാണ് നിലവിലുള്ളത്. അതുകൊണ്ട് സിലബസ് ഏകീകരിക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) കേരള സിലബസ് പ്രകാരമുള്ള എല്ലാ പാഠപുസ്തകങ്ങളും സർക്കാർ നിർദ്ദേശപ്രകാരം എസ്.സി.ഇ.ആർ.ടി. ആണ് തയ്യാറാക്കി നൽകുന്നത്.

(ഡി) പാഠപുസ്തകങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും കരിക്കുലം കമ്മിറ്റിയും കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഉപസമിതിയും നിലവിവലുണ്ട്.

## കോമേഴ്സ് ബി.എഡ്.കോഴ്സുകൾ

849. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ.കെ.നാരായണക്കുറുപ്പ് :
ശ്രീ.തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടു സ്കൂളുകളിൽ കോമേഴ്സ് ഐച്ഛിക വിഷയമായി എടുത്തിട്ടുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കാൻ കോമേഴ്സ് ബി.എഡ്.ബിരുദധാരികൾ കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കുറവ് പരിഹരിക്കുവാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) നിലവിലുള്ള ബി.എഡ്.കോളേജുകളിൽ എത്രയിടങ്ങളിൽ കോമേഴ്സ് ബി.എഡ്. കോഴ്സുകൾ നടത്തുന്നുണ്ടെന്നറിയാമോ ;

(ഡി) ഇത് കുറവാണെങ്കിൽ അടുത്ത അദ്ധ്യയനവർഷം മുതൽ നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ കോളേജുകളിൽ ആവശ്യാനുസരണം കോമേഴ്സ് ബി.എഡ്. കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി )** :

(എ) ഉണ്ട്.

(ബി) കോമേഴ്സ് വിഷയത്തിൽ ബി.എഡ്.ബിരുദധാരികൾ കുറവാണെന്ന വസ്തുത കണത്തിലെടുത്ത് കോമേഴ്സിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള (50% ൽ കുറയാതെ മാർക്കോടു കൂടിയവരെ) നിയമനത്തീയതി മുതൽ 3 വർഷത്തിനുള്ളിൽ ബി.എഡ്. ബിരുദമെടുത്തിരിക്കണമെന്ന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. 2001-ലെ നിയമത്തിനുള്ള സ്റ്റാറ്റ്യൂട്ടറി നിയമന ചട്ടങ്ങൾ പ്രകാരം ഈ കാലയളവ് നിയമന തീയതി മുതൽ 5 വർഷം വരെയായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ താഴെപ്പറയുന്ന എയിഡഡ് കോളേജുകളിൽ കോമേഴസിൽ ബി.എഡ്. ബിരുദ കോഴ്സുകൾ നടത്തി വരുന്നു.

1. കർമ്മലാ റാണി ട്രൈനിംഗ് കോളേജ്, കൊല്ലം.
2. മൗണ്ട് ടാബോർ ട്രൈനിംഗ് കോളേജ്, പത്തനാപുരം.
3. എൻ.എസ്.എസ്. ട്രൈനിംഗ് കോളേജ്, പന്തളം.
4. പീറ്റ് മെമ്മോറിയൽ ട്രൈനിംഗ് കോളേജ്, മാവേലിക്കര.

കൂടാതെ യൂണിവേഴ്സിറ്റി നേരിട്ട് നടത്തിവരുന്ന താഴെ പറയുന്ന സ്ഥലങ്ങളിലുള്ള യൂണിവേഴ്സിറ്റി ബി.എഡ്.ട്രൈനിംഗ് സെന്ററുകളിലും കോമേഴ്സ് ബി.എഡ്. കോഴ്സുകൾ നടത്തിവരുന്നു.

<u>തിരുവനന്തപുരം ജില്ല.</u>

1. കുമാരപുരം
2. കണിയാപുരം.

<u>കൊല്ലം ജില്ല.</u>

കുളക്കട.

<u>ആലപ്പുഴ ജില്ല.</u>

ആര്യാട്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ 7 അഫിലിയേറ്റഡ് കോളേജുകളിലും, 4 യൂണിവേഴ്സിറ്റി സെന്ററുകളിലും കോമേഴ്സ് ബി.എഡ്. കോഴ്സുകൾ നടത്തിവരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടേയും കീഴിൽ കോമേഴ്സ് ബി.എഡ്. കോഴ്സുകൾ നിലവിലുള്ള ബി.എഡ്. കോളേജുകളുടെ വിവരം ശേഖരിച്ച് സഭയുടെ മേശപ്പുറത്ത് വെയ്ക്കുന്നതാണ്.

(ഡി) നിലവിൽ കോമേഴ്സ് വിഷയത്തിൽ ബി.എഡ്. കോഴ്സുകൾ നടത്തുന്ന . ട്രൈനിംഗ് കോളേജുകൾ ആവശ്യാനുസരണം ഉണ്ട് എന്നതിനാൽ ചോദ്യം പ്രസക്തമല്ല.

## <u>വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ നടപടി</u>

850. ശ്രീ. ഡി.സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവൽക്കരണത്തിന്റേയും ലോകതലത്തിലുള്ള മാത്സര്യത്തിന്റേയും കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം അപര്യാപ്തവും വളരെ പിന്നിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ, സുശിക്ഷിതമായ അധ്യാപനരീതിയുടെ അഭാവത്താൽ വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാകുമെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അധ്യയന രീതി ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നൂതന വിഷ്വൽ ഐ.ടി. ഉപകരണങ്ങളുടെ ഉപയോഗം എല്ലാ സ്കൂളുകളിലും ഉറപ്പു വരുത്താൻ നിർദ്ദേശം നൽകുമോ ;

(ഡി) ശാസ്ത്ര സാങ്കേതിക വിഷയങ്ങളെ അധികരിച്ച് ലോകനിലവാരം പുലർത്തുന്ന സി.ഡി.കളും, അനുബന്ധ സാമഗ്രികളും പഠന ഉപാധികളായി സ്കൂളുകളിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ നിലവാരം കാര്യക്ഷമമായി വിലയിരുത്തുവാൻ തക്ക നിലയിൽ പരീക്ഷാ ചോദ്യങ്ങൾ ഏകീകൃത ഭാവത്തിൽ തയ്യാറാക്കി എല്ലാ സ്കൂളുകൾക്കും നൽകി പരീക്ഷകൾ നടത്താൻ സർക്കാർ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ)അപര്യാപ്തത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

**വിദ്യാഭ്യാസ സൗകര്യം വളരെ കുറഞ്ഞ പ്രദേശങ്ങളിൽ എൽ. പി. സ്കൂൾ**

851. ശ്രീ. കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസസൗകര്യം വളരെ കുറഞ്ഞതും 3 കിലോമീറ്ററിനുള്ളിൽ എൽ.പി.സ്കൂൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഗവണ്മെന്റ് ഉടമയിലോ എയിഡഡ് മേഖലയിലോ എൽ.പി. സ്കൂൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.